"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

പൊതു വിദ്യാഭ്യാസ വകുപ്പ്- മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി വത്സല സി., മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീമതി കൃഷ്ണകുമാരി സി., മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറായിരുന്ന ശ്രീ.അബ്ദുസ്സമദ് റ്റി.പി., മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്ന മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ എ.പി.എഫ്.ഒ ആയിരുന്ന ശ്രീ. അബ്ദുൾ ഗഫൂർ റ്റി. എന്നിവർക്കെതിരെ ആരംഭിച്ച അച്ചടക്ക നടപടി അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

പൊതുവിദ്യാഭ്യാസ (ഡിഎ) വകുപ്പ്

**G.O.(Rt)No.2539/2026/GEDN** തീയതി,തിരുവനന്തപുരം, **06-04-2026**

---

പരാമർശം:-

1. ഒ.എ(ഇകെഎം) **1832/2017**-ന്മേലുള്ള ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ **30/10/2018** ലെ ഉത്തരവ്.
2. **23/02/2019**-ലെ പൊ.വി.വ.-സി**1/38/2018** നമ്പർ സർക്കാർ കത്ത്
3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **10/05/2022**-ലെ വിബി**3/7757/2019**/ഡിജിഇ നമ്പർ നടപടി ഉത്തരവ്
4. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **04/01/2020**-ലെ വി.ബി**(6)/7757/19**/ഡിജിഇ**(1)** നമ്പർ കത്ത്.
5. കുറ്റാരോപിതർക്ക് സർക്കാർ നൽകിയ **29/11/2022**-ലെ പൊ.വി-സി**3/21/2020**/പൊ.വി.വ നമ്പർ കാരണം കാണിക്കൽ നോട്ടീസ്
6. കുറ്റാരോപിതർ സർക്കാരിൽ സമർപ്പിച്ച പ്രതിവാദ പത്രിക
7. **13/07/2022**-ലെ പൊ.വി.വ-സി **3/21/2020**/പൊ.വി.വ. നമ്പർ സർക്കാർ കത്ത്
8. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ **04/10/2024**-ലെ ഡിജിഇ/**17884/2024**-വി.ബി**2** നമ്പർ കത്ത്.

## ഉത്തരവ്

മലപ്പുറം കാരാക്കുന്ന് ഗവൺമെന്റ് എച്ച് എസ്.-ലെ റിട്ട. ക്ലർക്ക് ശ്രീപി.ജെ ജോസ് ഫയൽ ചെയ്ത ഒ.എ.(ഇ.കെ.എം.) നമ്പർ 1832/17-ന്മേൽ ബഹു.കേരള അഡ്മിനിസ്ട്രേറ്റിവ് ട്രൈബ്യൂണൽ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ച ഉത്തരവിനെതിരെ യഥാസമയം അപ്പീൽ ഫയൽ ചെയ്യാതിരുന്നതിനും, ടിയാന്റെ പേരിൽ നിലനിന്നിരുന്ന ബാദ്ധ്യതകൾ തീർപ്പാക്കിയിട്ടില്ലായെന്ന വസ്തുത ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ സമർപ്പിച്ച വസ്തുതാ വിവരണ പത്രികയിൽ ഉൾപ്പെടുത്താതിരുന്നതിനും ഉത്തരവാദികളായ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ ഉദ്യോഗസ്ഥർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കുവാൻ പരാമർശം (2) കത്ത് പ്രകാരം സർക്കാർ പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു.

2)പ്രസ്തുത സർക്കാർ നിർദേശത്തെ തുടർന്ന് മേൽ വീഴ്ചയ്ക്ക് കാരണക്കാരായി കണ്ടെത്തിയിരുന്ന മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.സ്മിത.കെ.ആർ., ക്ലർക്കായിരുന്ന ശ്രീ.വിപിൻ.എസ് എന്നിവർക്കെതിരെ 1960-ലെ കെ.സി.എസ്. (സി.സി&എ) ചട്ടം 15 പ്രകാരം അച്ചടക്ക നടപടി സ്വീകരിച്ച് ടിയാളുകളുടെ ഒരു വാർഷിക ഇൻക്രിമെന്റ് ആറ് മാസത്തേക്ക് സഞ്ചിതഫല പ്രാബ്യമില്ലാതെ തടഞ്ഞ് കൊണ്ട് പൂർത്തിയാക്കി പരാമർശം (3) പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. ഈ വിഷയത്തിൽ ആരോപണ വിധേയരായ സേവനത്തിൽ നിന്നും വിരമിച്ച മറ്റു ഉദ്യോഗസ്ഥരായ മലപ്പുറം മുൻ വിദ്യാഭ്യാസ ഉപഡയറക്ടർ ശ്രീമതി.വത്സല.സി., മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റായിരുന്ന ശ്രീമതി. കൃഷ്ണകുമാരി.സി., മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറായിരുന്ന ശ്രീ.അബ്ദുസ്സമദ്.റ്റി.പി., മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറുടെ അധിക ചുമതല വഹിച്ചിരുന്ന മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ എ.പി.എഫ്.ഒ ആയിരുന്ന ശ്രീ.അബ്ദുൾ ഗഫൂർ റ്റി. എന്നിവർക്കെതിരെ സർക്കാർ തലത്തിൽ അച്ചടക്ക നടപടി സ്വീകരിക്കാൻ പരാമർശം (4) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ അഭ്യർത്ഥിക്കുകയുണ്ടായി .

3) തുടർന്ന് സർക്കാർ സേവനത്തിൽ നിന്നും വിരമിച്ച ശ്രീമതി വത്സല. സി., ശ്രീമതി കൃഷ്ണകുമാരി.സി., ശ്രീ. അബ്ദുസ്സമദ്. റ്റി. പി., ശ്രീ. അബ്ദുൾ ഗഫൂർ.റ്റി. എന്നിവർക്കെതിരെ ആർ. പാർട്ട് III റൂൾ 59 (d) പ്രകാരം അച്ചടക്ക നടപടി ആരംഭിച്ച് പരാമർശം (5) പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകിയിരുന്നു. ടി കാരണം കാണിക്കൽ നോട്ടീസിന് കുറ്റാരോപിതർ പരാമർശം (6) പ്രകാരം പ്രതിവാദ പത്രിക സമർപ്പിക്കുകയുണ്ടായി.

4) അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ 30/10/2018-ലെ

ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടി മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തുനിന്നും യഥാസമയം സ്വീകരിക്കുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാരിൽ നിന്നും ഈയിനത്തിൽ സർക്കാരിനുണ്ടായ നഷ്ടം നടപടി ക്രമങ്ങൾ പാലിച്ച് ഈടാക്കി അറിയിക്കുവാൻ പരാമർശം (7) പ്രകാരം സർക്കാർ നിർദേശിക്കുകയുണ്ടായി. തുടർന്ന് **02/03/2024**-ന് മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ വച്ച് പരീക്ഷാ കമ്മീഷണറുടെ കാര്യാലയത്തിലെ ജോയിന്റ് ഡയറക്ടർ നടത്തിയ കൂടികാഴ്ചയിലെ കണ്ടെത്തെലുകളും നിർദേശങ്ങളും പരാമർശം (8) പ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ സർക്കാരിൽ സമർപ്പിക്കുകയുണ്ടായി.

5) ടി കൂടി കാഴ്ചയിലെ കണ്ടെത്തെലുകളും നിർദേശങ്ങളും പരാമർശം ചുവടെ ചേർക്കും പ്രകാരമാണ്.

i) മലപ്പുറം ജില്ലയിലെ കാരക്കുന്ന് ഗവൺമെന്റ് ഹൈസ്കൂളിൽ നിന്നും ക്ലാർക്ക് തസ്തികയിൽ **31/03/2016 ന്** വിരമിച്ച ശ്രീ. പി.ജെ.ജോസ്, ടിയാൻ ക്ലാർക്ക് തസ്തികയിൽ സേവനമനുഷ്ഠിക്കുവെ തന്റെ ശമ്പള നിർണ്ണയം തെറ്റായ രീതിയിൽ സ്വയം നടത്തി സാമ്പത്തിക ആനുകൂല്യം കൈപ്പറ്റുകയും (₹ **1,04,402**-രൂപ) വിരമിച്ച് ഒരു വർഷം കഴിഞ്ഞ് ടിയാൻ സമർപ്പിച്ച പെൻഷൻ പ്രൊപ്പോസലും കാരക്കുന്ന് ഗവൺമെന്റ് ഹൈസ്കൂളിലെ പ്രധാനാധ്യാപകൻ സമർപ്പിച്ച സേവനപുസ്തകവും വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയം പരിശോധിച്ചതിൽ ക്രമക്കേട് കണ്ടെത്തി. ഇത്തരത്തിൽ ടിയാൻ തെറ്റായി അധികം കൈപ്പറ്റിയ തുക ബാധ്യതയായി കണക്കാക്കി ഡ്യൂ ഡ്രോൺ സ്റ്റേറ്റ്മെന്റ് സഹിതം അറിയിക്കാൻ കാരക്കുന്ന് ഗവൺമെന്റ് ഹൈസ്കൂളിലെ പ്രധാനാധ്യാപകനു മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ നിർദ്ദേശം നൽകി. തുടർന്ന് അധികമായി കൈപ്പറ്റിയ തുക താൻ തിരിച്ചടയ്ക്കാൻ തയ്യാറാണെന്നും, തിരിച്ചടയ്ക്കുന്നതിന് മതിയായ സമയമനുവദിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ട് **21/08/2017** ന് വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അപേക്ഷ സമർപ്പിച്ചു. എന്നാൽ തുക തിരിച്ചടയ്ക്കാതെ, (വിദ്യാഭ്യാസ ഉപഡയറക്ടർ ടിയാന്റെ അപേക്ഷയിന്മേൽ തീരുമാനമെടുക്കുന്നതിന് മുൻപ് തന്നെ) തന്റെ പെൻഷൻ ആനുകൂല്യങ്ങൾ വിദ്യാഭ്യാസ ഉപഡയറക്ടർ തടഞ്ഞു വച്ചതായി കാണിച്ചുകൊണ്ട് ടിയാൻ **17/08/2017**ൽ ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ഒ.എ ഹർജി (ഒ.എ(ഇ.കെ.എം) **1832/2017**) ഫയൽ ചെയ്തു.

ii) പ്രസ്തുത കേസിൽ ശ്രീ.പി.ജെ.ജോസിന്റെ ഡി.സി.ആർ.ജി യിൽ നിന്നും തടഞ്ഞു വച്ച **95,638** (അധികമായി കൈപ്പറ്റിയ ശമ്പള ആനുകൂല്യം), **8,764** (ടെർമിനൽ സറണ്ടർ) എന്നീ തുകകൾ രണ്ട് മാസത്തിനുള്ളിൽ അനുവദിച്ചു നൽകണം എന്ന നിർദ്ദേശത്തോടെ **30/10/2018** തീയതിയിൽ ടിയാൾക്ക് അനുകൂലമായി വിധിന്യായം പുറപ്പെടുവിച്ചു. ടി കേസിന്മേൽ വിദ്യാഭ്യാസ ഉപഡയറക്ടർ സമർപ്പിച്ച വസ്തുതാ വിവരണ പത്രികയിൽ ടിയാന്റെ പേരിൽ ബാദ്ധ്യതയായി ആകെ **1,90,467/-** രൂപ (അധികമായി കൈപ്പറ്റിയ ശമ്പള

ആനുകൂല്യം - **95,638/-** ടെർമിനൽ സറണ്ടർ **8764/**, കെ.എസ്.എഫ്.ഇ ലോൺ റിക്കവറി **86,065/-)** നിലനിൽക്കുന്നതായി വിദ്യാഭ്യാസ ഉപഡയറക്ടർ അറിയിക്കുകയുണ്ടായി.

**iii)** എന്നാൽ ശ്രീ.പി.ജെ ജോസ് മലപ്പുറം പാണ്ടിക്കാട് ഗവൺമെന്റ് ഹൈസ്കൂളിൽ സേവനമനുഷ്ഠിക്കവെ **01/04/2008** മുതൽ **31/03/2010** വരെയുള്ള കാലയളവിലെ പ്രസ്തുത സ്കൂളിലെ അക്കൗണ്ടുകൾ വിദ്യാഭ്യാസ ഉപഡയറക്ടർ ആഡിറ്റിന് വിധേയമാക്കിയിരുന്നു. ആഡിറ്റ് സമയത്ത് ശ്രീ.പി.ജെ ജോസിന്റെ സേവന പുസ്തകം പരിശോധിച്ചതിൽ ടിയാന്റെ **17/11/1988** മുതൽ **03/06/1990** വരെയുള്ള കാലയളവ് **10** വർഷത്തെ ഹയർ ഗ്രേഡിന് പരിഗണിച്ചത് തടസ്സപ്പെടുത്തിയിരുന്നു. ശ്രീ.പി.ജെ ജോസിന്റെ സേവനപുസ്തകത്തിൽ പതിച്ചു വച്ചിരുന്ന സർക്കാർ ഉത്തരവ് (കൈ) നം. **140/94**/പൊ.വി.വ. തീയതി: **10/08/1994** പ്രകാരം ടിയാൻ **04/06/1990** മുതൽ **03/11/1994** വരെയുള്ള കാലയളവിൽ സർവ്വീസിൽ നിന്നും വിട്ടു നിന്നതിനു ശേഷം **04/11/1994** തീയതി തിരികെ ജോലിയിൽ പുതിയതായി നിയമിതനാണെന്ന കണക്കിലാണ്. ആയതിനാൽ സർവ്വീസിൽ നിന്നും വിട്ടു നിന്നതിന് മുമ്പുള്ള കാലയളവായ **17/11/1988** മുതൽ **03/06/1990** വരെയുള്ള കാലം യാതൊരു സേവനാനുകൂല്യത്തിനും പരിഗണിക്കാൻ ആവില്ല എന്ന നിലയിലായതിനാലാണ് പ്രസ്തുത തടസ്സവാദം ഉന്നയിച്ചിട്ടുള്ളത്. **19/09/1997** ലെ സർക്കാർ ഉത്തരവ്(അ) നം.**3243/97**/പൊ.വിവ ഉത്തരവ് പ്രകാരം, ബഹുമാനപ്പെട്ട കോടതി വിധിയുടെ അടിസ്ഥാനത്തിൽ **04/06/1990** മുതൽ **30/11/1990** വരെയുള്ള കാലയളവ് മെഡിക്കൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലുള്ള ശൂന്യവേതനാവധിയായും **01/12/1990** മുതൽ **03/11/1994** വരെയുള്ള കാലയളവ് സ്വകാര്യ ആവശ്യത്തിനുള്ള ശൂന്യവേതനാവധിയായും ക്രമീകരിച്ചിരുന്നു.പ്രസ്തുത ഉത്തരവ് സംബന്ധിച്ച രേഖപ്പെടുത്തലുകൾ നേരത്തെ സേവന പുസ്തകത്തിൽ ഇല്ലാതിരുന്നതിനാലാണ് **17/11/1985** മുതൽ **03/06/1990** വരെയുള്ള കാലയളവ് **10** വർഷത്തെ ഹയർ ഗ്രേഡിന് പരിഗണിച്ചത് സംബന്ധിച്ച തടസ്സവാദം ഉന്നയിച്ചിരുന്നത്. എന്നാൽ പിന്നിട് സമർപ്പിച്ച മറുപടിയുടെ അടിസ്ഥാനത്തിൽ ശ്രീ.പി.ജെ.ജോസിന്റെ **17/04/2003** ൽ നൽകിയ ഹയർ ഗ്രേഡിന്റെ തടസ്സവാദം മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നം. ജി/**25343/10**, തീയതി: **03/10/2013** പ്രകാരം തീർപ്പാക്കിയിരുന്നു. ടി ആഡിറ്റ് തടസ്സവാദം പരിഹരിച്ച ഉത്തരവ് നൽകിയത് ഹാജരാക്കിയത് പ്രകാരമാണ് ടിയാൾക്ക് ട്രൈബ്യൂണലിൽ നിന്നും അനുകൂല വിധി ഉണ്ടായിട്ടുള്ളത്.

**iv)**യഥാർത്ഥത്തിൽ കോടതി മുൻപാകെ നിലനിൽക്കുന്ന കേസ് ശ്രീ. പി.ജെ ജോസിന് നിശ്ചയിച്ച ബാധ്യതക്ക് അടിസ്ഥാനമായ കാരണം ടിയാന്റെ **17/11/1988** മുതൽ **03/06/1990** കാലയളവ് ഹയർഗ്രേഡിന് പരിഗണിച്ചതല്ല. ടിയാൻ **17/04/2003** നു ഹയർ ഗ്രേഡ് വാങ്ങിയ ശേഷം **01/06/2005** മുതൽ **04/11/2010** വരെയുള്ള കാലയളവിൽ സ്വകാര്യ ആവശ്യത്തിന് **845** ദിവസം

ശൂന്യവേതനാവധി എടുത്തിരുന്നു. എന്നാൽ ടി കാലയളവുകൾ ഒഴിവാക്കാതെയാണ് ടിയാന് വാർഷിക ഇൻക്രിമെന്റുകൾ നൽകിയത്. കൂടാതെ ടിയാൻ സർവ്വീസിൽ സ്വകാര്യ ആവശ്യത്തിനായി എടുത്തതും ടിയാന്റെ സസ്പെൻഷൻ കാലയളവുകൾ ക്രമീകരിച്ചും ഉൾപ്പെടെ ഇൻക്രിമെന്റ് ഗ്രേഡ്, പെൻഷൻ എന്നിവയ്ക്ക് യോഗ്യമല്ലാത്ത **6** വർഷം **8** മാസം **28** ദിവസം ഒഴിവാക്കിയാൽ ടിയാന് വിരമിക്കുന്ന തീയതി വരെ **20** വർഷം **7** മാസം **17** ദിവസത്തെ സേവനമാണുള്ളത് . എന്നാൽ **17/04/2015** ന് ക്ലാർക്കുമാരുടെ **22** വർഷത്തെ സെലക്ഷൻ ഗ്രേഡ് അനുവദിച്ചത് മൂലമുള്ള സാമ്പത്തിക ബാധ്യത സംബന്ധിച്ച തടസവാദമാണ് നിലനിന്നിരുന്നത്. ടിയാൻ ഹാജരാക്കിയ തെറ്റായ രേഖയെ (മുൻപ് ഉന്നയിച്ച ഹയർ ഗ്രേഡ് സംബന്ധിച്ച തടസവാദം തീർപ്പാക്കിയ ഉത്തരവ്) അടിസ്ഥാനപ്പെടുത്തിയാണ് ബഹു. കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിൽ നിന്നും ഉത്തരവ് ഉണ്ടായിട്ടുള്ളത്. (ബഹു.കോടതിയെ തെറ്റിദ്ധരിപ്പിച്ച് അനുകൂല വിധി സമ്പാദിച്ചു)

**v)** ടിയാൻ ഫയൽ ചെയ്ത ഒ.എ. (ഇ.കെ.എം) **1832/2017**-ൽ ആദ്യം നാല് അനുബന്ധങ്ങളാണ് ഉണ്ടായിരുന്നത്. പ്രസ്തുത അനുബന്ധങ്ങളെ ആധാരമാക്കിയാണ് വിദ്യാഭ്യാസ ഉപഡയറക്ടർ വസ്തുതാ വിവരണ പത്രിക സമർപ്പിച്ചിട്ടുള്ളത്. ടിയാൻ കോടതി മുമ്പാകെ പിന്നീട് സമർപ്പിച്ച ആഡിറ്റ് തടസ്സവാദം പരിഹരിച്ചുകൊണ്ടുള്ള രേഖ ടി സമയത്ത് അനുബന്ധമായി ചേർത്തിരുന്നില്ല. ആയതുകൊണ്ടാണ് വസ്തുതാ വിവരണ പത്രികയിൽ വിദ്യാഭ്യാസ ഉപഡയറക്ടർക്ക് അതിനെക്കുറിച്ച് അഭിപ്രായം രേഖപ്പെടുത്താൻ കഴിയാതിരുന്നത്. വിദ്യാഭ്യാസ ഉപഡയറക്ടർ നൽകിയ വസ്തുതാ വിവരണ പത്രികയിൽ വിഴ്ച സംഭവിച്ചിട്ടില്ല. വിദ്യാഭ്യാസ ഉപഡയറക്ടർ വസ്തുതാ വിവരണ പത്രിക നൽകിയതിനു ശേഷമാണ് ടിയാൻ എ **5** മുതൽ എ **9** വരെയുള്ള അനുബന്ധങ്ങൾ ബഹു കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ മുമ്പാകെ ചേർത്ത് സമർപ്പിച്ചിട്ടുള്ളത്. എ**5** മുതൽ എ**9** വരെയുള്ള അനുബന്ധങ്ങളെ ആധാരമാക്കി പരിഷ്കരിച്ച വസ്തുതാ വിവരണ പത്രിക ഫയൽ ചെയ്യുന്നതിന് വിദ്യാഭാസ ഉപഡയാക്ടർക്ക് അവസരം ലഭിച്ചതായി കാണുന്നില്ല. ആയതിനാൽ ആ കാലയളവിലെ വിദ്യാഭ്യാസ ഉപഡയറക്ടർക്കോ, ബന്ധപ്പെട്ട ജീവനക്കാർക്കോ വീഴ്ച ഉള്ളതായി കാണുന്നില്ല. അത്തരത്തിൽ പരിഷ്കരിച്ച വസ്തുതാ വിവരണ പത്രിക നൽകാൻ അവസരം ലഭിക്കാത്തത് മൂലമാണ് ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ടൈബ്യൂണലിന്റെ **30/10/2018** തിയതിയിലെ ഉത്തരവിൽ, ടിയാന് അനുകൂലമായ നിരീക്ഷണങ്ങൾ ഉണ്ടായത്.

**vi)** ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള വിഷയവുമായി ബന്ധപ്പെട്ടതല്ലാത്ത ചുവടെ ചേർത്തിട്ടുള്ള അനുബന്ധങ്ങളാണ് ശ്രീ.പി.ജെ ജോസ് ഹാജരാക്കിയത്.

**1.** ശ്രീ.പി.ജെ ജോസ് സമർപ്പിച്ച അനുബന്ധം **A5** (പാണ്ടിക്കാട് ജി.എച്ച്.എസ്.എസ് ലെ **01/04/2008** മുതൽ **31/03/2010** വരെ വിദ്യാഭ്യാസ

ഉപഡയറക്ടർ നടത്തിയ ആഡിറ്റ് പരിശോധന റിപ്പോർട്ട്)

**2.** ആഡിറ്റ് പരിശോധന റിപ്പോർട്ടിന്മേൽ പ്രധാനാധ്യാപിക വിദ്യാഭ്യാസ ഉപഡയറക്ടർക്ക് നൽകിയ വിശദീകരണം (അനുബന്ധം **A6)**

**3.** ആഡിറ്റ് തടസ്സവാദം തീർപ്പാക്കി മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഉത്തരവ് നം. ജി**1/25343/10,** തീയതി: **03:10/2013** (അനുബന്ധം **A7)**

**vii)** ഇത്തരത്തിൽ ട്രൈബ്യൂണലിന്റെ പരിഗണനയിലുള്ള വിഷയവുമായി ബന്ധപ്പെട്ടതല്ലാത്ത രേഖകൾ ഹാജരാക്കിയത് പ്രകാരമാണ് ടിയാന് അനുകൂലമായി ബഹു.കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണൽ **30/10/2018** ന് ഉത്തരവ് പുറപ്പെുവിച്ചിട്ടുള്ളത് എന്ന് കാണുന്നു. ആയത് പരിശോധിച്ചപ്പോഴാണ് ഈ വിഷയം വിദ്യാഭ്യാസ ഉപഡയറക്ടറുടെ ശ്രദ്ധയിൽപ്പെട്ടത്. തുടർന്ന് ടി ഉത്തരവിനെതിരെ അപ്പീൽ ഫയൽ ചെയ്യണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് **31/12/2018** ന് വിദ്യാഭ്യാസ ഉപഡയറക്ടർ സർക്കാർ മുമ്പാകെ റിപ്പോർട്ട് സമർപ്പിക്കുകയും, **17/01/2019** തീയതിയിലെ സർക്കാർ കത്ത് നം. സി**1/38/2018/**പൊ.വി. പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിന് നിർദ്ദേശിക്കുകയും ചെയ്തിരുന്നു. ആയത് പ്രകാരം അപ്പീൽ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ വിദ്യാദ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും ആരംഭിച്ചു. എന്നാൽ അപ്പീൽ യഥാവിധി ബഹു.കോടതി മുൻപാകെ നാളിതുവരെ സമർപ്പിക്കപ്പെട്ടിട്ടില്ല.

**6)** സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. മേൽ ഹിയറിംഗ് റിപ്പോർട്ട് പരിശോധിച്ചതിൽ ഈ വിഷയത്തിൽ മലപ്പുറം കാരാക്കുന്ന് ഗവ.എച്ച്.എസിലെ മുൻക്ലാർക്ക് ശ്രീ.പി.ജെ.ജോസ് (റിട്ട.) ഫയൽ ചെയ്ത ഒ.എ(ഇകെഎം) **1832/17** ന്മേൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ നിന്നും സർക്കാർ മുമ്പാകെ വസ്തുത വിവരണ പത്രിക സമർപ്പിക്കാതിരുന്നതിനാൽ അല്ല മറിച്ച് സമയബന്ധിതമായി അപ്പീൽ ബഹു.കോടതി മുൻപാകെ ഫയൽ ചെയ്യുന്നതിൽ വീഴ്ച വരുത്തിയതുമായി ബന്ധപ്പെട്ടാണ് സർക്കാരിന് സാമ്പത്തിക ബാദ്ധ്യത വരുത്തിയ രീതിയിലുള്ള അനുകൂലമായ വിധി ശ്രീ.പി.ജെ.ജോസ് (റിട്ട.) മേൽ ഒ.എ.ന്മേൽ നേടിയതെന്ന് വ്യക്തമാണ്.

**7)**ആയതിനാൽ **01/02/2018-**ൽ സർക്കാരിലേക്ക് സമർപ്പിച്ച വസ്തുത വിവരണ പത്രികയിൽ ശ്രീ.പി.ജെ.ജോസ്-ന്റെ പേരിലുണ്ടായിരുന്ന സാമ്പത്തിക ബാധ്യതകൾ സംബന്ധിച്ച പൂർണ്ണമായ വിവരങ്ങൾ ഉൾപ്പെടുത്തി സർക്കാരിനെ അറിയിക്കാതിരുന്നു" എന്ന് കാണിച്ച് സർക്കാർ ശ്രീമതി. വത്സല സി.ഐ., ശ്രീമതി. കൃഷ്ണകമാരി.സി, ശ്രീ. അബ്ദുൾ സമദ് റ്റി.പി, ശ്രീ. അബുൾ ഗഫൂർ റ്റി, ഉദ്യോഗസ്ഥർക്ക് നൽകിയ കാരണം കാണിക്കൽ നോട്ടീസിലെ കുറ്റം നിലനിൽക്കുന്നതായി കാണുന്നില്ലെന്ന് ഹിയറിംഗ്

ഓഫീസർ കണ്ടെത്തിയിട്ടുണ്ട്. ആയത് ശരിവയ്ക്കുന്നതാണ് പൊതു വിദ്യാഭ്യാസ ഡയറക്ടർ ലഭ്യമാക്കിയ ഹിയറിംഗ് റിപ്പോർട്ട്.

8) ആയത് പ്രകാരം ഈ വിഷയത്തിൽ അപ്പീൽ സമർപ്പിക്കുന്നതിലാണ് വിദ്യാഭ്യാസ ഉപഡയറക്ടറുടെ കാര്യാലയത്തിൽ നിന്നും വീഴ്ച സംഭവിച്ചിട്ടുള്ളതെന്നതിനാൽ അപ്പീൽ സംബന്ധിച്ച ഫയൽ കൈകാര്യം ചെയ്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിയെടുക്കേണ്ടതും സർക്കാരിനുണ്ടായ ബാധ്യത ഈടാകേണ്ടതുമുണ്ട്. ടി ഉദ്യോഗസ്ഥരിൽ ടി കാലയളവിൽ സേവനമനുഷ്ഠിച്ചിരുന്നവരിൽ ശ്രീമതി സ്മിത കെ.ആർ നെ മാത്രമേ ഹിയറിംഗ് വേളയിൽ നേരിൽ കേൾക്കാൻ കഴിഞ്ഞിട്ടുള്ളൂവെന്നും ടി വീഴ്ചയ്ക്ക് കാരണക്കാരായ മുഴുവൻ ഉദ്യോഗസ്ഥരെയും കൂടി കണ്ടെത്തി ഒരു ഹിയറിംഗ് /അന്വേഷണം കൂടി നടത്തിയാൽ മാത്രമേ അപ്പീൽ സമർപ്പിക്കുന്നതിൽ വീഴ്ച വരുത്തിയ ജീവനക്കാരെ കൃത്യമായി കണ്ടെത്തുന്നതിനും തുടർനടപടി സ്വീകരിക്കുന്നതിനും സാധിക്കുകയുള്ളൂവെന്നും ഹിയറിംഗ് ഓഫീസർ അറിയിച്ചിട്ടുണ്ട്.

9) 22 വർഷത്തെ സേവന കാലയളവ് പൂർത്തിയാക്കാതെ 22 വർഷത്തെ ഗ്രേഡ് അനുവദിച്ചതിനും അതിൻപ്രകാരം ശമ്പള ആനുകൂല്യങ്ങൾ കൈപ്പറ്റിയതിനുമാണ് 1,04,402 രൂപയുടെ (ഒരു ലക്ഷത്തി നാലായിരത്തി നാന്നൂറ്റി രണ്ട് രൂപ മാത്രം) ബാധ്യത ശ്രീ പി.ജെ ജോസിന്റെ പേരിലുണ്ടായതെന്നും ടിയാൻ ഫയൽ ചെയ്ത (ഒ.എ).)1832/17 ആരംഭിക്കുന്നതും 21 വർഷം സേവനം പൂർത്തിയായ ക്ലാർക്കെന്ന് തുടങ്ങിയുമാണെന്നും ഇതിൽ നിന്നും ശ്രീ.പി.ജെ ജോസിന് 21 വർഷത്തെ സേവനം മാത്രമേയുള്ളൂ എന്ന് വ്യക്തമാണന്നും തെറ്റായി ശമ്പള നിർണ്ണയം/പരിഷ്കരണം സ്വയം നടത്തി അധിക തുക കൈപ്പറ്റുകയും ആയത് ബോധ്യപ്പെടുത്തിയതിന് ശേഷവും ബഹു.കോടതിയെ കബളിപ്പിച്ച് ബാദ്ധ്യതയിൽ നിന്നും ഒഴിവായ ശ്രീ. പി.ജെ ജോസിൽ നിന്നും തുക തിരിച്ചുപിടിക്കുന്നതിനുള്ള സാധ്യതകളും പരിശോധിക്കാവുന്നതാണെ് എന്നും ഹിയറിംഗ് ഓഫീസർ ശിപാർശ ചെയ്തിരിക്കുന്നതായി കാണുന്നു.

10) ഈ സാഹചര്യത്തിൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറകടറുടെ കാര്യാലത്തിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥരായ ശ്രീമതി വത്സല.സി. (മുൻ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടർ) ശ്രീമതി കൃഷ്ണകുമാരി.സി. (മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറുടെ അധിക ചുമതല വഹിച്ചിരുന്ന അഡ്മിനിസ്ട്രേറ്റീവ് അസിസ്റ്റന്റ്) ശ്രീ. അബ്ദുസ്സമദ് റ്റി.പി. (മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസർ) ശ്രീ. അബ്ദുൾ ഗഫൂർ.റ്റി. (മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിലെ അക്കൗണ്ട്സ് ഓഫീസറുടെ അധിക ചുമതല വഹിച്ച എ.പി.എഫ്.ഒ.) എന്നിവർക്കെതിരെ കെ.എസ്.ആർ. പാർട്ട് III റൂൾ 59 (d) പ്രകാരം ആരംഭിച്ച അച്ചടക്ക നടപടിയിന്മലുള്ള തുടർ നടപടി അവസാനിപ്പിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

**11)** മേൽ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ മലപ്പുറം വിദ്യാഭ്യാസ ഉപഡയറക്ടറേറ്റിൽ ജൂനിയർ സൂപ്രണ്ടായിരുന്ന ശ്രീമതി.സ്മിത കെ.ആർ., ക്ലർക്കായിരുന്ന ശ്രീ.വിപിൻ.എസ് എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി തീർപ്പാക്കിയ ഉത്തരവ് പൊതു വിദ്യാഭ്യാസ ഡയറക്ടർ പുനഃപരിശോധിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**BINDU R R**

**DEPUTY SECRETARY**

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം
ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പൊതുവിദ്യാഭ്യാസ ഡയറക്ടർ മുഖേന)
വിദ്യാഭ്യാസ ഉപഡയറക്ടർ, മലപ്പുറം
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ), കേരളം, തിരുവനന്തപുരം
ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ (ഫയൽ നം.ഡിഎ1/22/2023/പൊവിവ. )

ഉത്തരവിൻ പ്രകാരം

Signed by
Dhanya M B
സെക്ഷൻ ഓഫീസർ
Date: 06-04-2026 18:03:25

പകർപ്പ്:-ബഹു.പൊതു വിദ്യാഭ്യാസ വകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

പൊതുവിദ്യാഭ്യാസ സെക്രട്ടറിയുടെ പി.എസ്സ്